ഉത്തരം

(എ) 200 മീറ്ററിനുള്ളിൽ മൂന്നു പാലങ്ങൾ നിർമ്മിച്ചിട്ടില്ല. എന്നാൽ ചെയിനേജ് 18506 മീറ്ററിലും, 18415 മീറ്ററിലും ഓരോ റോഡ് ബ്രിഡ്ജ് കം സ്ലൂപ്പർ പാസേജും ചെയിനേജ് 18230 മീറ്ററിൽ ഒരു സ്ലൂപ്പർ പാസേജും നിർമ്മിച്ചിട്ടുണ്ട്. ആയതിലേക്ക് മൊത്തം 2,97,144 രൂപ ചെലവായിട്ടുണ്ട്.

(ബി) ഇതിനെപ്പറ്റി അന്വേഷിക്കുന്നതും എന്തെങ്കിലും ക്രമക്കേടുണ്ടായിട്ടുള്ളതായിക്കണ്ടാൽ വേണ്ട നടപടികളും എടുക്കുന്നതുമാണ്.

കൊയിലാണ്ടി ശുദ്ധജല പദ്ധതി

282. [455] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലും പരിസര പഞ്ചായത്തിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതിക്ക് ഇതേവരെ ചെലവഴിച്ച സംഖ്യ എത്ര ;

(ബി) ഇതിൽ പൈപ്പു വാങ്ങിയ ഇനത്തിൽ എത്ര സംഖ്യ ചെലവഴിച്ചു ;

(സി) ഈ പദ്ധതിക്കുവേണ്ടി അടുത്ത വർഷം എത്ര സംഖ്യ ചെലവഴിക്കാനുദ്ദേശിക്കുന്നു ;

(ഡി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാകുമെന്നാണ് ഗവൺമെൻറ് കരുതുന്നത് ?

ഉത്തരം

(എ) 470 ലക്ഷം രൂപ

(ബി) 405 ലക്ഷം രൂപ

(സി) 50 ലക്ഷം രൂപ

(ഡി) 1987-88 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ സാധിക്കും എന്ന് കരുതുന്നു.

കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനു ബഡ്ജറ്റിൽ നീക്കിവെച്ച തുക

283. [456] ഡോക്ടർ കെ. സി. ജോസഫ് :

ശ്രീ. ടി. എസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവെച്ചത് ;

(ബി) ഈ പദ്ധതി തുടങ്ങിയതിനുശേഷം ഓരോ വർഷത്തെ ബഡ്ജറ്റിലും എന്തു തുക വീതമാണ് നീക്കിവെച്ചിരുന്നത് ;

(സി) കഴിഞ്ഞവർഷം മതിയായ തുക നീക്കിവെയ്ക്കാത്ത സാഹചര്യത്തിൽ ഈ വർഷം കൂടുതൽ തുക നീക്കിവെയ്ക്കാനും ഈ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷമായ 1984-85-ൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഈ പദ്ധതി തുടങ്ങിയതിനുശേഷം 1981-82-ൽ 50 ലക്ഷം രൂപയും 1982-83-ൽ 25 ലക്ഷം രൂപയും മറ്റുള്ള വർഷങ്ങളിൽ ഗ്രാമീണ ജല വിതരണ പദ്ധതികൾക്ക് നീക്കിവെച്ചിട്ടുള്ള മൊത്തം തുകയിൽ നിന്നുമാണ് പദ്ധതിയുടെ പണികൾക്കുവേണ്ടി ചെലവഴിച്ചത്. ഈ വർഷങ്ങളിൽ പദ്ധതിക്കുവേണ്ടി ബഡ്ജറിൽ ഒരു ടോക്കൺ സംഖ്യ മാത്രമേ ഉൾക്കൊള്ളിച്ചിരുന്നുള്ളു. ഇതുവരെയായി ഈ പദ്ധതിക്കുവേണ്ടി 485 ലക്ഷംരൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ കുഴിച്ച കുഴൽ കിണറുകൾ

284. [457] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ഓരോ പഞ്ചായത്തിലും കുഴിച്ച കുഴൽ കിണറുകൾ എത്രയെന്ന് വ്യവ്തമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ ഓരോ പഞ്ചായത്തിലും കുഴിച്ച കുഴൽകിണറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

Kannada knowing Executive Officers in Kasaragod Taluk

285. [458] **Dr. A. Subba Rao** : Will the Minister for Local Administration be pleased to State :

(a) the number of Panchayats in Kasaragod Taluk where there are Executive Officers who do not know Kannada ;

(b) which are those Panchayats ; and

(c) will the Government take steps to post Kannada knowing officers in all the Panchayats of Kasaragod Taluk as per G. O. Ms. No. 506/PD dated 3-10-1962 as to safeguard the interests of linguistic minorities of that area ?

Anwser

(a) There are five Panchayats in Kasaragod Taluk with Executive Officers who do not know Kannada.

(b) They are :

1. Badadka
2. Muliyar
3. Enmakaji
4. Puthige
5. Chemmad

(c) Preference is given to those employees who possess linguistic minority test qualification in Kannada while giving promotion as Executive Officers in that area.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly